LIBRARY ARCHIVES Kerala Legislative Assembly

ഹരിപ്പാട് നിയോജകമണ്ഡലത്തിലെ മഹാദേവികാട് പുളിക്കീഴ് പാലം നിർമ്മാണം

173 (2273) ശ്രീ. ബി. ബാബു പ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ഹരിപ്പാട് നിയോജകമണ്ഡലത്തിലെ റോഡ്സ് ആന്റ് ബ്രിഡ്ജസ് വിഭാഗത്തി(പൊതുമരാമത്ത്)നു കീഴിലുള്ള മഹാദേവികാട് പുളിക്കീഴ് പാലം നിർമ്മാണത്തിന്റെ പുരോഗതി വിശദീകരിക്കുമോ ;

(ബി) എന്നേയ്ക്ക് പ്രസ്തുത പാലം നിർമ്മാണം പൂർത്തിയാകും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2010 ഡിസംബറിൽ പൂർത്തീകരിക്കത്തക്ക വിധത്തിൽ മഹാദേവിക്കാട് പുളിക്കീഴ് പാലത്തിന്റെ പണി പുരോഗമിക്കുകയായിരുന്നു. എന്നാൽ അപ്രതീക്ഷിതമായി ഉണ്ടായ വെള്ളപ്പൊക്കത്തിൽ ബണ്ട് പൊട്ടിയതിനാൽ പണി തീരുവാൻ ഒരു മാസം കൂടി സമയം വേണ്ടി വരും.

(ബി) 2011 ജനുവരിയിൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

പള്ളിക്കമണ്ണടി പാലം നിർമ്മാണം

174 (2274) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പള്ളിക്കമണ്ണടി പാലം പണി ആരംഭിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ 2008-09 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെട്ടിരുന്ന പ്രസ്തുത പാലത്തിന്റെ പണി ആരംഭിക്കാതിരിക്കുന്നതിനുള്ള കാരണം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പാലം പണി ആരംഭിക്കുന്നതിന് ഇത്രയും കാലതാമസം ഉണ്ടായിട്ടുള്ളത് ബന്ധപ്പെട്ട അധികൃതരുടെ ഉദാസീനത കൊണ്ടാണെന്നുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പാലംപണി തുടങ്ങിയിട്ടില്ല

(ബി) സ്ഥലമെടുപ്പിനുള്ള കാലതാമസമാണ് പാലംപണി ആരംഭിക്കാതിരിക്കുന്നതിനുള്ള കാരണം. സ്ഥലമെടുപ്പിനുള്ള പൊന്നുംവില നടപടികൾ നടന്നു വരികയാണ്.

(സി) ഇല്ല